ശ്രീ. ടി. കെ. നാരായണപിള്ള : അതിനെ സംബന്ധിച്ചു് ഒരു തീരുമാനം ചെയ്തിട്ടില്ല. മത്സ്യത്തൊഴിലാളികൾക്കു് അതുമൂലമുള്ള വിഷമതകൾക്കു് വേണ്ട പരിഹാരം ചെയ്തുകൊടുത്തിരിക്കുകയാണു് ചെയ്തിരിക്കുന്നതു്.

ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ് : പരാതി തീരണമെങ്കിൽ അതു് ഗവ മെണ്ടു് ഏറ്റെടുത്തു നടത്തുകയാണു് വേണ്ടതു്.

ശ്രീ. ടി. കെ. നാരായണപിള്ള : അതു പെട്ടെന്നു് ഗവമെണ്ടിനു് ഏറ്റെടുത്തു നടത്തുവാൻ സാധിക്കുകയില്ല.

**Sri. P. Balakrishnan Tampi:** May I know whether Government have received any memorandum from the fish-eating members of this House complaining that the price of fish is mounting up very high and that it should be controlled.

(No answer)

## പുതുവൽ ഭൂമി

*൪൪൮. (ക൪) ശ്രീ. റ൦ി. റ൦ി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

†(എ) നെയ്യാറ്റിൻകര താലൂക്കിൽ, വിളപ്പിൽ പകുതിയിൽ പിന്നോക്കവർഗ്ഗക്കാർക്കു് സൗജന്യവ്യവസ്ഥയിൽ പതിച്ചു നൽകിയ പുതുവൽ ഭൂമികളിൽ ഏതെങ്കിലും ഭാഗം കരക്കുടിശ്ശികക്കു വേലം ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി സ്ഥലങ്ങൾ ഏതെല്ലാം സർവ്വെ നമ്പരുകളിൽ;

(സി) എത്ര ഏക്കർ സ്ഥലം;

(ഡി) ഗവമെണ്ടു തിരിയെ എടുത്തു തരിശിൽ ചേർത്തിട്ടുള്ള സ്ഥലങ്ങൾ ഏതെല്ലാം സർവ്വെ നമ്പരുകളിൽ;

(ഇ) ആകെ എത്ര ഏക്കർ സ്ഥലം?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ചിലസ്ഥലങ്ങൾ ലേലത്തിൽ പോയിട്ടുണ്ടു്.

(ബി) നെയ്യാറ്റിൻകര താലൂക്കിൽ വിളപ്പിൽ പകുതിയിൽ സർവ്വെ ൪൨൩-ൽ ക ൫ ൦, ൪൨൩-ൽ . ൫൨, ൪൨൩-ൽ ക ൫൩, ൪൨൩-ൽ ക ൫൭ എന്നീ സ്ഥലങ്ങളാണു് ലേലത്തിൽ പോയതു്.

(സി) ൨ ഏക്കർ ൯ ൭ സെൻറ്.

(ഡി) ഇതിൽ ഒന്നുംതന്നെ ഗവമെണ്ടു തിരിയെ എടുത്തു തരിശിൽ ചേർത്തിട്ടില്ല.

(ഇ) ഡിയുടെ ഉത്തരത്തിൽനിന്നു് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. റ൦ി. റ൦ി. കേശവൻശാസ്ത്രി: ലേലത്തിൽ വിറ്റുപോയ സ്ഥലം അപേക്ഷകന്മാർ ഉണ്ടെങ്കിൽ അവർക്കു പതിച്ചു കൊടുക്കുന്ന കാര്യത്തെപ്പറ്റി ഗവമെണ്ടു് ആലോചിക്കുമോ?

ശ്രീ. എ. ജെ. ജോൺ: ലേലത്തിൽ വിറ്റിട്ടുള്ള സ്ഥലം പതിച്ചുകൊടുക്കുന്ന കാര്യം വളരെ പ്രയാസമാണു്.

## മലേറിയാ ഡിസ്പെൻസറി

*൪൫൯. (ക൫) ശ്രീ. റ൦ി ൦ി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ,—

LIBRARY ARCHIVES Kerala Legislative Assembly